**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 242** **26-06-2024 - ൽ മറുപടിയ്ക്ക്**

**പ്ലസ് വൺ-ൽ അധിക ബാച്ചുകൾ അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീമതി കെ. കെ. രമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മുൻ വർഷങ്ങളിൽ പ്ലസ് വൺ -ൽ പുതിയ ബാച്ചുകൾ അനുവദിക്കാതെ സീറ്റുകളിൽ മാത്രം വർദ്ധനവ് വരുത്തിയത് വിദ്യാർഥികളുടെ പഠന നിലവാരത്തിൽ ഇടിവുണ്ടാക്കിയിട്ടുണ്ട് എന്ന് പറയപ്പെടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | സീറ്റുകളിൽ മാത്രം വർദ്ധനവ് വരുത്തിയതിനാൽ വിദ്യാർഥികളുടെ പഠന നിലവാരത്തിൽ ഇടിവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സീറ്റ് ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി സ.ഉ.(കൈ) നം. 45/2024/പൊ.വി.വ തീയതി 08/05/2024 സർക്കാർ ഉത്തരവ് പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും, മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർദ്ധനയും, എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20% മാർജിനൽ സീറ്റ് വർദ്ധനയും, ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർദ്ധനയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഭൗതിക സാഹചര്യങ്ങൾ ഉറപ്പാക്കിയാണ് സീറ്റുകൾ വർദ്ധിപ്പിക്കുന്നതും താൽക്കാലിക ബാച്ചുകൾ അനുവദിക്കുകയും ചെയ്യുന്നത്. അതിനാൽ ഇത് പഠന നിലവാരത്തെ ബാധിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| (ബി) | വിദ്യാഭാസ നിയമത്തിലും കാർത്തികേയൻ കമ്മിറ്റി റിപ്പോർട്ടിലുമടക്കം ഒരു ക്ലാസ്സിൽ 50 വിദ്യാർത്ഥികളായി നിജപ്പെടുത്തിയിട്ടും കൂടുതൽ ബാച്ചുകൾ അനുവദിച്ചുകൊണ്ട് ഈ പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ? | (ബി) | ഭൗതിക സാഹചര്യങ്ങൾ ഉറപ്പാക്കി താൽക്കാലിക ബാച്ചുകൾ ആവശ്യത്തിന് അനുവദിക്കുകയും സീറ്റുകൾ വർദ്ധിപ്പിക്കുകയും ചെയ്താണ് പ്ലസ് വൺ പ്രവേശന നടപടികൾ പൂർത്തിയാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ